**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ട്രഷറി സ്ഥിര നിക്ഷേപത്തിൽ നിന്നും നിക്ഷേപം ഭാഗികമായി പിൻവലിക്കുന്നതിനുള്ള ക്രമീകരണം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം.125/2021/ധന** **തീയതി, തിരുവനന്തപുരം, 10/09/2021**

പരാമർശം :- 06/02/2021-ലെ ട്രഷറി ഡയറക്ടറുടെ TRY/25/2020-F2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ട്രഷറിയിൽ സ്ഥിര നിക്ഷേപം സ്വീകരിക്കുന്നത് കേരള ട്രഷറി കോഡ് വാല്യം II, അനുബന്ധം 3, ചട്ടം 57 – ലെ വ്യവസ്ഥകൾ പ്രകാരമാണ്. ട്രഷറി സ്ഥിര നിക്ഷേപത്തിൽ നിന്നും ഭാഗികമായ പിൻവലിക്കലുകൾ അനുവദിക്കുന്നത് പലിശ അക്കൗണ്ട് ക്രമീകരിക്കുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതിനാൽ ട്രഷറി സ്ഥിര നിക്ഷേപത്തിൽ നിന്നും നിക്ഷേപം ഭാഗികമായി പിൻവലിക്കുന്നതിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരാമർശത്തിലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ട്രഷറി സ്ഥിര നിക്ഷേപത്തിൽ നിന്നും നിക്ഷേപം ഭാഗികമായി പിൻവലിക്കുന്നതിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി കേരള ട്രഷറി കോഡ് വാല്യം II, അനുബന്ധം 3, ചട്ടം 57-ലെ നിലവിലെ വ്യവസ്ഥയോടൊപ്പം ചുവടെച്ചേർക്കുന്ന നിബന്ധനകൾ കൂടി ചേർത്ത് ഉത്തരവാകുന്നു:-

(1) ഒരു സ്ഥിര നിക്ഷേപത്തിൽ നിന്നും പരമാവധി രണ്ട് ഭാഗികമായ പിൻവലിക്കലുകൾ മാത്രമേ അനുവദിക്കുകയുള്ളൂ.

(2) അധികമായി നൽകിയ പലിശ ഭാഗികമായി പിൻവലിക്കുന്ന തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.

(3) അൻപതിനായിരം രൂപയ്ക്ക് മുകളിലുള്ള നിക്ഷേപത്തിൽ നിന്ന് മാത്രമേ ഭാഗികമായ പിൻവലിക്കൽ അനുവദിക്കൂ. പരമാവധി രണ്ട് ഭാഗികമായ പിൻവലിക്കൽ അനുവദിച്ചശേഷം, നിക്ഷേപതുകയിൽ അൻപതിനായിരം രൂപയുടെ നീക്കിയിരിപ്പ് ഉണ്ടാകേണ്ടതാണ്.

(4) ഒരു സ്ഥിര നിക്ഷേപത്തിന്മേൽ ഒരു ദിവസം ഭാഗികമായ പിൻവലിക്കൽ ഒരെണ്ണം മാത്രമേ അനുവദിക്കുകയുള്ളൂ.

3. ഇതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക് ട്രഷറി ഡയറക്ടർ അടിയന്തിരമായി നൽകേണ്ടതാണ്.

4. കേരള ട്രഷറി കോഡ് വാല്യം II, അനുബന്ധം 3, ചട്ടം 57-ൽ ഇതിനാവശ്യമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതായിരിക്കും.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രാജേഷ് കുമാർ സിംഗ്,**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്ക് (ട്രഷറി ഡയറക്ടർ മുഖാന്തിരം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E1700977).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.